**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **04-10-2021 - ൽ മറുപടിയ്ക്ക്**

**പ്രൈസ് സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഡി.എസ്.ആർ. 2018 നിരക്ക് വർദ്ധന നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗം ഉപയോഗിക്കുന്ന പ്രൈസ് സോഫ്റ്റ്വെയറിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നിരക്ക് എപ്പോൾ പ്രാബല്യത്തിൽ വരും എന്നറിയിക്കാമോ; | (എ) | ഡി.എസ്.ആർ 2018 നിരക്ക് വർദ്ധനക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്വെയർ മാറ്റം വരുത്തുന്നതിന് എൻ.ഐ.സി ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 2021 നവംബർ 1 മുതൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വരുത്തുവാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. |
| (ബി) | ടെണ്ടർ ഇല്ലാതെ നേരിട്ട് അക്രെഡിറ്റെഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളിൽ ഡി.എസ്.ആർ. 2016 നിരക്കിനേക്കാൾ പത്ത് ശതമാനം വരെ കുറച്ചുള്ള നിരക്കാണ് നിലവിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടെണ്ടർ ഇല്ലാതെ നേരിട്ട് അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളിൽ ഡി.എസ്.ആർ 2016 നിരക്ക് തന്നെയാണ് നൽകി വരുന്നത്. |
| (സി) | മികച്ച അക്രെഡിറ്റെഡ് ഏജൻസികൾക്ക് ഈ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ